**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3199** **01-03-2023 - ൽ മറുപടിയ്ക്ക്**

**യൂണിഫോം തുക അനുവദിക്കാൻ നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2021-22 വർഷത്തെ കൈത്തറി യൂണിഫോം ലഭിക്കാത്ത കുട്ടികൾക്ക് യൂണിഫോം നൽകുന്നതിനായി അധിക തുക ആവശ്യപ്പെട്ട് 24.09.2021 തീയതിയിലെ ഡി.ഡി.ഇ.കെ.ജി. ഡി./11 113/2021-ഡി3 നമ്പർ കത്ത് പ്രകാരം കാസർഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ; | (എ) | കാസർഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 24.09.2021 തീയതിയിലെ കത്ത് ലഭ്യമായിട്ടില്ല. എന്നാൽ 24.09.2022 തീയതിയിൽ സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും പ്ലാൻ ഫണ്ടിന്റെ കാലാവധി അവസാനിച്ചതിനാൽ, പ്രസ്തുത കത്തിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കത്ത് നൽകിയിട്ടുള്ളതായും ആയത് പ്രകാരമുള്ള റിപ്പോർട്ട് ഇതുവരെയും ലഭ്യമായിട്ടില്ലെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷ പരിഗണിച്ച് യൂണിഫോം നൽകുന്നതിനായുള്ള ഫണ്ട് എന്നത്തേക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | പ്ലാൻ ഫണ്ടിന്റെ കാലാവധി അവസാനിച്ച ശേഷമാണ് മേൽപ്പറഞ്ഞ അപേക്ഷ ലഭിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത റിപ്പോർട്ട് ലഭ്യമായ ശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ